(ഇ) ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട സമുദായങ്ങൾക്ക് കോളേജ് പ്രവേശനത്തിന് എത്ര ശതമാനം സംവരണം ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) നിലവിലുള്ള ഒ. ഇ. സി. ലിസ്റ്റിലെ ചാക്കമർ, പെരുവണ്ണാൻ, പുള്ളുവൻ, തച്ചർ (ആശാരിയല്ലാത്ത), വർണ്ണവർ, മഡിഗ, ചെമ്മാൻ, കുടുംബി (ബാർബർ വിഭാഗം ഒഴികെ) എന്നീ സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിലും അള്ളർ, മലവേട്ടുവൻ, മലമുത്തൻ, കുണ്ടുവടിയൻ എന്നീ സമുദായങ്ങളെ പട്ടികവർഗ്ഗലിസ്റ്റിലും ഉൾപ്പെടുത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലയൻ സമുദായക്കാരെക്കൂടി മുൻ തിരു–കൊച്ചി പ്രദേശത്തെ മലയൻമാരോടൊപ്പം, പട്ടികവർഗ്ഗത്തിൽപ്പെട്ടവരായി പ്രഖ്യാപിക്കാനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ധീവര സമുദായത്തിന്റെയും അതിന്റെ സമാന്തര വിഭാഗങ്ങളുടേയും കാര്യം പരിശോധിച്ചു വരുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്യപ്പെട്ടിരിക്കുന്ന സീറ്റുകൾ അവരുടെ അഭാവത്തിൽ ഒ. ഇ. സി. ലിസ്റ്റിൽപ്പെട്ട സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ശതമാനം നിശ്ചയിച്ചിട്ടില്ല.

സ്പെഷ്യൽ കമ്പോണന്റ് സ്കീം പ്രകാരം ഓരോ വകുപ്പിലും ചെലവഴിക്കാനുദ്ദേശിച്ചിരുന്ന സംഖ്യ

728 [858] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കമ്പോണന്റ് സ്കീം പ്രകാരം 1985-86-ൽ ഓരോ വകുപ്പിലും ചെലവഴിക്കാൻ ഉദ്ദേശിച്ചിരുന്ന സംഖ്യ എത്ര;

(ബി) ഇതിൽ ഓരോ വകുപ്പിലും ചെലവഴിച്ച തുക എത്ര; ലാപ്സായതെത്ര?

ഉത്തരം

(എ, ബി) കിട്ടിയേടത്തോളം വിവരങ്ങൾ അനുബന്ധമായി † ചേർത്ത പട്ടികയിൽ കാണിച്ചിട്ടുണ്ട്.

ഹരിജനങ്ങൾക്ക് ഗുണനിലവാരം കുറഞ്ഞ ഓട്ടോറിക്ഷാ നൽകിയെന്ന ആരോപണം

729 [859] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 728 (858) കാണുക]

1985-86-ൽ സ്പെഷ്യൽ കമ്പോണൻറ് സ്കീം പ്രകാരം നീക്കിവച്ച സംഖ്യ, ചെലവഴിച്ച സംഖ്യ, ചെലവഴിക്കാൻ സാധിക്കാത്ത സംഖ്യ എന്നിവയുടെ വകുപ്പു തിരിച്ചുള്ള കണക്കുകൾ

(തുക ലക്ഷത്തിൽ)

ക്രമ നമ്പർ	പദ്ധതി ഇനങ്ങൾ	വകുപ്പ്	നീക്കിവച്ച തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ സാധിക്കാത്ത തുക
(1)	(2)	(3)	(4)	(5)	(6)
1	കൃഷി	കൃഷിവകുപ്പ്	135.00	138.53	ഇല്ല
2	ജലസേചനം	ജലസേചനവകുപ്പ്	50.00	46.84	3.16
3	കമാൻറ് ഏരിയ വികസന പദ്ധതി	കാഡാ (ജലസേചനം)	10 00	..	10.00
4	മണ്ണ്-ജല സംരക്ഷണം	സോയിൽ കൺസർവേഷൻ യൂണിറ്റ്	30.00	29.25	0.75
5	ഗ്രാമീണ വികസനം: (i) ഐ.ആർ.ഡി.പി.	ഗ്രാമീണ വികസന വകുപ്പ്	540.00	540.00	ഇല്ല
	(ii) എം.ആർ.ഇ.പി.	..	580.00	535.33	44.67
6	പിന്നാക്ക പ്രദേശങ്ങളുടെ വികസനം	ആസൂത്രണവകുപ്പ്	10.00	8.00	2.00
7	മൃഗസംരക്ഷണം	മൃഗസംരക്ഷണ വകുപ്പ്	25.50	25.60	ഇല്ല
8	ക്ഷീരവികസനം	ക്ഷീര വികസന വകുപ്പ്	13.00	13.00	ഇല്ല
9	മത്സ്യബന്ധനം	മത്സ്യ ബന്ധനവകുപ്പ്	26.00	26.25	ഇല്ല
10	വനം	വനം വകുപ്പ്	62.00	65.43	ഇല്ല
11	സാമൂഹ്യവികസനം	ഗ്രാമീണവികസനവകുപ്പ്	85.00	6.90	78.10
12	പഞ്ചായത്തുകൾ	പഞ്ചായത്ത് വകുപ്പ്	15.00	15.00	ഇല്ല
13	സഹകരണം	സഹകരണ വകുപ്പ്	36.00	49.65	ഇല്ല

അനുബന്ധം IV–(തുടർച്ച)

(1)	(2)	(3)	(4)	(5)	(6)
14	വൈദ്യുതി വികസനം:—വൈദ്യുതീകരണം	കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്	390.00	350.14	39.36
15	ഗ്രാമീണചെറുകിട വ്യവസായങ്ങൾ				
	(i) വ്യവസായവും വാണിജ്യവും	വ്യവസായ–വാണിജ്യ വകുപ്പ്	41.95	37.65	4.30
	(ii) ഖാദി-ഗ്രാമ വ്യവസായങ്ങൾ	സംസ്ഥാനഖാദി–ഗ്രാമ വ്യവസായ ബോർഡ്	10.00	10.00	ഇല്ല
	(iii) കൈത്തറി വ്യവസായം	കൈത്തറി വകുപ്പ്	32.20	32.00	0.20
16	റോഡുകളും പാലങ്ങളും	പൊതുമരാമത്ത് വകുപ്പ്	450.00	394.47	55.53
17	സ്കൂൾ വിദ്യാഭ്യാസം	സ്കൂൾ വിദ്യാഭ്യാസ വകുപ്പ്	16.00	12.17	3.83
18	കോളേജ് വിദ്യാഭ്യാസം	കോളേജ് വിദ്യാഭ്യാസ വകുപ്പ്	4.50	2.25	2.25
19	സാങ്കേതിക വിദ്യാഭ്യാസം	സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്	3.75	3.75	ഇല്ല
20	ആരോഗ്യം:— (i) അലോപ്പതി	ആരോഗ്യ വകുപ്പ്	28.00	25.56	2.44
	(ii) ആയുർവേദം	ആയുർവേദ വകുപ്പ്	2.00	..	2.00
	(iii) ഹോമിയോപ്പതി	ഹോമിയോ വകുപ്പ്	3.00	0.20	2.80
21	മലിനനിവാരണവും ശുദ്ധജലവിതരണവും	കേരള വാട്ടർ ആൻഡ് വേയ്സ് റിസർച്ച് വാട്ടർ അതോറിറ്റി	140.00	230.88	ഇല്ല
	,, ,, കിണറുകൾ	ഗ്രാമീണ വികസന വകുപ്പ്	12.00	10.74	1.26
	,, ,, ഇ.എസ്.പി. മാതൃകയിലുള്ള സ്റ്റാബുകളുടെ വിതരണം	,,	17.00	9.78	7.22
22	ഭവന നിർമ്മാണം:—(i) ഭവന നിർമ്മാണം	ഭവനനിർമ്മാണ ബോർഡ്	65.75	74.13	ഇല്ല
	(ii) ,,	ധനകാര്യവകുപ്പ്	20.00	23.35	ഇല്ല
	(iii) ,,	പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ	75.00	75.00	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

	(iv)	,,	കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്	95.00	95.00	ഇല്ല
	(v)	,,	ഹൗസിംഗ് ഡിപ്പാർട്ടുമെന്റ്	5.00	5.00	ഇല്ല
23	നഗരവികസനം		മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ	50.00	50.00	ഇല്ല
24	വർത്താവിതരണവും പ്രചാരണവും		പബ്ലിക് റിലേഷൻസ്	1.00	0.99	0.01
25	തൊഴിലും തൊഴിലാളി ക്ഷേമവും:					
		(i)	എംപ്ലോയ്മെന്റ് വകുപ്പ്	4.00	4.08	ഇല്ല
		(ii)	പരിശീലന വകുപ്പ്	1.50	1.61	ഇല്ല
		(iii)	തൊഴിൽ വകുപ്പ്	3.00	3.00	ഇല്ല
26	സാമൂഹ്യക്ഷേമം:		സാമൂഹ്യക്ഷേമ വകുപ്പ്	10.00	10.00	ഇല്ല
27	പോഷകാഹാര പരിപാടി:	(i)	ആരോഗ്യ വകുപ്പ്	4.00	3.80	0.20
		(ii)	ഗ്രാമീണ വികസന വകുപ്പ്	20.00	10.72	9.28
		(iii)	സാമൂഹ്യക്ഷേമ വകുപ്പ്	55.00	74.61	ഇല്ല
		(iv)	സ്കൂൾ വിദ്യാഭ്യാസ വകുപ്പ്	156.00	149.00	7.00
28	പട്ടികജാതിക്കാരുടെ ക്ഷേമം:					
		(i)	പട്ടികജാതി വികസന വകുപ്പ്	210.75	204.88	5.87
		(ii)	കെ. എസ്. ഡി. സി.	75.00	203.74	ഇല്ല
		(iii)	കിർത്താഡ്സ്	20.00	10.66	9.34
			ആകെ	3638.90	3618.99	292.07

(കണക്കുകൾ താൽക്കാലികം)